പങ്കാളിത്ത പെൻഷൻ പദ്ധതി

150 (3304) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷൻ പദ്ധതിയിൻ കീഴിൽ പെൻഷൻ ഹെണ്ടിലേയ്ക്ക് മുഴുവൻ സർക്കാർ വിഹിതവും നൽകിയോ?

ഉത്തരം

ദേശീയ പെൻഷൻ പദ്ധതിയിൻകീഴിൽ പെൻഷൻ ഹെണ്ടിലേക്ക് നാളിതുവരെ ജീവനക്കാരിൽ നിന്നും പിടിച്ച വിഹിതത്തിന് തുല്യമായ സർക്കാർ വിഹിതം മുഴുവനായും നൽകിയിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധിയും ഓവർ ഡ്രാഫ്റ്റും

151 (3305) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതു വരെ ഏതെങ്കിലും ദിവസം റിസർവ് ബാങ്കിൽ ഉണ്ടായിരിക്കുന്ന ക്യാഷ് റിസർവ് പരിധി നിലനിർത്താൻ സാധിക്കാതെ വരികയുണ്ടായോ; എങ്കിൽ ഏതെല്ലാം തീയതികളിൽ;

(ബി) ഈ സർക്കാരിന്റെ ഏതെങ്കിലും കാലഘട്ടത്തിൽ സംസ്ഥാനം ഓവർ ഡ്രാഫ്റ്റിലായിട്ടുണ്ടോ; എങ്കിൽ എപ്പോഴെല്ലാം; ഓവർ ഡ്രാഫ്റ്റിന് പലിശ നൽകേണ്ടി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ;

(സി) സംസ്ഥാനത്ത് ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി ഉണ്ടോ; ഇല്ലെങ്കിൽ കോൺട്രാക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് നൽകാനുള്ള കുടിശ്ശിക നൽകാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) എന്തെല്ലാം ഇനത്തിൽ എത്ര കോടി രൂപ സംസ്ഥാന ഗവൺമെന്റ് നൽകേണ്ടതായ ഇനത്തിൽ കുടിശ്ശിക ആയിട്ടുണ്ട്; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015 ജൂൺ 30 വരെയുള്ള കണക്കുകൾ പ്രകാരം റിസർവ് ബാങ്കിൽ ഉണ്ടായിരിക്കുന്ന ക്യാഷ് റിസർവ് പരിധി നിലനിർത്താൻ സാധിക്കാതെ വന്ന ദിവസങ്ങൾ ചുവടെ ചേർക്കുന്നു:

8-10-2013, 9-4-2014, 4-9-2014 മുതൽ 11-9-2014 വരെ, 9-10-2014 മുതൽ 11-10-2014 വരെ, 6-1-2015 മുതൽ 12-1-2015 വരെ, 4-3-2015 മുതൽ 10-3-2015 വരെ, 28-3-2015, 8-4-2015 മുതൽ 13-4-2015 വരെ, 23-4-2015 മുതൽ 28-4-2015 വരെ, 30-4-2015, 7-5-2015 മുതൽ 8-5-2015 വരെ

LIBRARY ARCHIVES Kerala Legislative Assembly